## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായ ശ്രീമതി. സബീറ അബ്ദുൾഖാദർ നിയമനാധികാരിയുടെ മുൻകൂർ അനുമതിയില്ലാതെ അക്കാദമിക് പ്രവർത്തനത്തിൽ ഏർപ്പെട്ട് ബാച്ചിലർ ഓഫ് ലൈബ്രറി ആൻഡ് ഇൻഫോർമേഷൻ സയൻസ് (BLIS) കോഴ്സ് പാസ്സായതിന് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം.617/2018/തസ്വഭവ** **തീയതി, തിരുവനന്തപുരം, 05/03/2018**

---

പരാമർശം : 1. ശ്രീമതി. സബീറ അബ്ദുൾഖാദറിന്റെ 20.10.2017 ലെ അപേക്ഷ.

2. പഞ്ചായത്ത് ഡയറക്ടറുടെ 07.02.2018 ലെ ഇ 9- 4809/18 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായ ശ്രീമതി. സബീറ അബ്ദുൾഖാദർ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വിദൂര വിദ്യാഭ്യാസം മുഖേനയുള്ള ബാച്ചിലർ ഓഫ് ലൈബ്രറി ആൻഡ് ഇൻഫോർമേഷൻ സയൻസ് (BLIS) കോഴ്സിന് 2013-14 ൽ ചേരുകയും 2016 ജൂലൈയിൽ പരീക്ഷ പാസ്സായി സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തതായും ജോലിക്ക് തടസ്സമാകാത്ത രീതിയിൽ ഏതാനും ഞായറാഴ്ചകളിൽ ഒന്നോ രണ്ടോ മണിക്കൂർ മാത്രമാണ് കോണ്ടാക്ട് ക്ലാസ് ഉണ്ടായിരുന്നതെന്നും പഠനാവശ്യത്തിനു വേണ്ടി ദീർഘാവധി എടുക്കേണ്ടി വന്നിട്ടില്ലെന്നും റഗുലർ കോഴ്സ് അല്ലാത്തതിനാലും അവധി എടുക്കേണ്ടതില്ലാത്തതിനാലും മുൻകൂർ അനുമതി വേണം എന്ന അറിവില്ലായ്മ മൂലവുമാണ് ടി കോഴ്സ് പഠിക്കുന്നതിന് മുൻകൂർ അനുമതി വാങ്ങാതിരുന്നതെന്നും ആയതിനാൽ മുൻകൂർ അനുമതി വേണമെന്ന അറിവില്ലായ്മ മാപ്പാക്കി ആയതിന് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം ശ്രീമതി. സബീറ അബ്ദുൾഖാദർ അപേക്ഷിച്ചു. റഗുലർ കോഴ്സല്ലാത്തതിനാലും അവധി ദിവസങ്ങളിൽ മാത്രം ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതുള്ളതിനാലും മുൻകൂർ അനുമതി വേണം എന്ന അറിവില്ലായ്മമൂലം ടിയാൾക്ക് സംഭവിച്ച വീഴ്ച മാപ്പാക്കി ആയതിന് സാധൂകരണം നൽകാവുന്നതാണെന്ന് ശുപാർശ ചെയ്ത് പ്രസ്തുത അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. റഗുലർ കോഴ്സല്ലാത്തതിനാലും അവധി ദിവസങ്ങളിൽ മാത്രം ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടി വന്നിട്ടുള്ളതിനാലും ജോലിക്ക് തടസ്സം വന്നിട്ടില്ലാത്തതിനാലും മുൻകൂർ അനുമതി വേണം എന്ന അറിവില്ലായ്മകൊണ്ടുണ്ടായ വീഴ്ച മാപ്പാക്കി കോട്ടയം ജില്ലയിലെ

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായ ശ്രീമതി. സബീറ അബ്ദുൾഖാദർ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ 2013-14 ൽ ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വിദൂര വിദ്യാഭ്യാസം മുഖേനെയുള്ള ബാച്ചിലർ ഓഫ് ലൈബ്രറി ആൻഡ് ഇൻഫോർമേഷൻ സയൻസ് (BLIS) കോഴ്സിന് ചേർന്ന് പഠനം നടത്തി കോഴ്സ് പാസ്സായതിന് സാധൂകരണം നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം ജില്ല.

ശ്രീമതി. സബീറ അബ്ദുൾഖാദർ, ഓഫീസ് അറ്റൻഡന്റ്, പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല (സെക്രട്ടറി. പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് മുഖേന)

സെക്രട്ടറി. പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത്, കോട്ടയം ജില്ല

ഡയറക്ടർ. ഐ.കെ.എം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/24/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ